# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2456**      **20/06/2012**-ൽ മറുപടിക്ക്

## <u>മ്യൂസിയം, മൃഗശാല എന്നിവിടങ്ങളിൽ ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്ക്</u>

<u>ചോദ്യം</u>

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

<u>ഉത്തരം</u>

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജന
കാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉത്സവകാലങ്ങളിൽ മ്യൂസിയം, മൃഗശാല എന്നിവ കാണാനെത്തുന്നവർക്ക് കൗണ്ടർ വഴി ടിക്കറ്റ് കൊടുക്കുന്നതിലെ കാല താമസം ഒഴിവാക്കുന്നതിന് ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്ക് സ്ഥാപിക്കുന്നതാണെന്ന പ്രസ്താവന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉത്സവകാലങ്ങളിൽ മ്യൂസിയവും മൃഗശാലയും കാണാനെത്തുന്ന സന്ദർശകർക്ക് നിലവിലുള്ള കൗണ്ടർ വഴി ടിക്കറ്റ് കൊടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഓട്ടോമെറ്റിക് ടിക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. രണ്ട് മെമന്റോപ്രിന്റിംഗ് മെഷീനും, 4 ടിക്കറ്റിംഗ് മെഷീനും സിഡിറ്റിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും മെഷീൻ ട്രയൽ നടത്തുന്നതിന് ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. താമസിയാതെ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻവിധം പ്രവർത്തനം ആരംഭിക്കും. |
| (ബി) | പ്രസ്തുത മെഷീൻ സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ ചുമതല ആർക്കാണ് നൽകുവാനുദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | മ്യൂസിയവും മൃഗശാലയും വകുപ്പിൽ ഓട്ടോമെറ്റിക് ടിക്കറ്റ് കിയോസ്ക് സ്ഥാപിക്കുന്നതിന്റെ ചുമതല സിഡിറ്റിനെയാണ് ഏൽപിച്ചിരുന്നത്. തുക ചെലവഴിച്ചിട്ടില്ല. 2 മെമന്റോപ്രിന്റിംഗ് മെഷീനും, 4 ടിക്കറ്റിംഗ് മെഷീനും കൂടി 38,85,000/- രൂപ (മുപ്പത്തെട്ട് ലക്ഷത്തിഎൺപത്തിഅയ്യായിരം രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ